**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2692** **12-07-2022 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.ഉമ തോമസ്,<br>ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. സജീവ് ജോസഫ് | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഇതര സംസ്ഥാനങ്ങളിൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം വാഗ്ദാനം ചെയ്ത് ചില വ്യാജ ഏജൻസികൾ തട്ടിപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഇത്തരം വ്യാജ ഏജൻസികൾ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഇപ്രകാരം വഞ്ചിതരാകാതിരിക്കാൻ മാധ്യമങ്ങൾ വഴിയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫീൽഡ് തലത്തിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, സോഷ്യൽ വർക്കർമാർ, പ്രൊമോട്ടർമാർ മുഖേനയും വ്യാപകമായ പ്രചരണങ്ങൾ നടത്തുവാൻ ജില്ലാ ഓഫീസർമാർ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം വിഷയങ്ങൾ ഊരുകൂട്ടങ്ങളിലും അറിയിച്ചു വരുന്നു. |
| (ബി) | വ്യാജ വിദ്യാഭ്യാസ ഏജൻസികളുടെ പ്രലോഭനങ്ങളിൽപ്പെട്ട് പട്ടികവർഗ്ഗ വിദ്യാർത്ഥികൾ വഞ്ചിതരാകാതിരിക്കുവാനാവശ്യമായ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇടുക്കി ജില്ലയിൽ ഇത്തരം വ്യാജ ഏജൻസികൾ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾ ഇപ്രകാരം വഞ്ചിതരാകാതിരിക്കാൻ മാധ്യമങ്ങൾ വഴിയും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഫീൽഡ് തലത്തിലെ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, സോഷ്യൽ വർക്കർമാർ, പ്രൊമോട്ടർമാർ മുഖേനയും വ്യാപകമായ പ്രചരണങ്ങൾ നടത്തുവാൻ ജില്ലാ ഓഫീസർമാർ മുഖേന നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം വിഷയങ്ങൾ ഊരുകൂട്ടങ്ങളിലും അറിയിച്ചു വരുന്നു. |
| (സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി നൽകുന്ന സഹായങ്ങൾ അർഹതപ്പെട്ടവരിൽ എത്തിച്ചേരുന്നു എന്ന് ഉറപ്പാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ ആദിവാസി | (സി) | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിനായി നൽകുന്ന സഹായങ്ങൾ അർഹതപ്പെട്ടവരിൽ എത്തിച്ചേരുന്നു എന്ന് ഉറപ്പാക്കുന്നതിന് വകുപ്പിന്റെ കീഴിലുള്ള ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാർ, എസ്.ടി. പ്രൊമോട്ടർമാർ, സോഷ്യൽ വർക്കർമാർ എന്നിവർ |

| | | | |
|---|---|---|---|
| | ജനവിഭാഗങ്ങളിൽ എത്തിക്കുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുമോ; വിശദാംശം നൽകുമോ? | | മുഖേന നടപടി സ്വീകരിച്ചുവരുന്നു. ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ പട്ടികവർഗ്ഗ ജനവിഭാഗങ്ങളിൽ എത്തിക്കുന്നതിന് ഊരുകൾ കേന്ദ്രീകരിച്ച് കരിയർ ഗൈഡൻസ് ക്യാമ്പുകൾ സംഘടിപ്പിക്കുകയും അത്തരം ക്യാമ്പുകളിൽ വകുപ്പ് നൽകുന്ന വിദ്യാഭ്യാസ സഹായങ്ങൾ സംബന്ധിച്ച് വിശദമായ അറിയിപ്പ് നൽകി വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ